റോഡ് വികസനം

319 (1376) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രത്തിന്റെ സാമ്പത്തിക പുരോഗതിക്ക് റോഡ്, വികസനം മുഖ്യപങ്ക് വഹിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തെ ഏറ്റവും മികച്ച സംസ്ഥാനമാക്കി മാറ്റുന്നതിന്, റോഡ് വികസനത്തിന് മുന്തിയ പരിഗണന നൽകുമോ; വിശദാംശം നൽകാമോ;

(സി) റോഡ് പണിക്ക് A.M.C. നിലവിലുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) റോഡുകൾ കുറ്റമറ്റ രീതിയിൽ സംരക്ഷിക്കുന്നതിനുള്ള സ്ഥിരം സംവിധാനം എന്ന നിലയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉത്തരവാദപ്പെട്ടവരാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ റോഡുകളുടെ വികസനത്തിന് മുന്തിയ പരിഗണന നൽകിയതിന്റെ പദ്ധതി നിലവിൽ വന്നത് കെ.എസ്.ടി.പി. അടിസ്ഥാനത്തിലാണ് ലോകബാങ്ക് ധനസഹായത്തോടെ കെ.എസ്.ടി.പി. - ഒന്ന് പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 254 കി.മീ. റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുകയും 1200 കി.മീ. റോഡുകൾ ഹെവി മെയിന്റനൻസ് ചെയ്ത് വികസനം പൂർത്തിയാക്കി. ഇതിനെ തുടർന്ന് കെ.എസ്.ടി.പി.-രണ്ട് പദ്ധതിയിൽപ്പെടുത്തി ലോകബാങ്ക് ധനസഹായത്തോടെ കേരളത്തിലെ തെരഞ്ഞെടുത്ത 363 കി.മീ. ദൈർഘ്യമുള്ള 6 പ്രധാന റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുന്ന പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. കേരളത്തെ ഏറ്റവും മികച്ച സംസ്ഥാനമാക്കി മാറ്റുന്നതിന് റോഡ് വികസനത്തിന് മുന്തിയ പരിഗണന നൽകി കേരള റോഡ് ഫണ്ട് ബോർഡ് മുഖേന വിവിധ നഗര റോഡു വികസന പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ദേശീയപാതകളായ എൻ.എച്ച്.-47-ഉം, എൻ.എച്ച്.-17-ഉം ബി.ഒ.റ്റി. വ്യവസ്ഥയിൽ സർവ്വീസ് റോഡുകളോടുകൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുവാൻ കേന്ദ്ര സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ പൂർണ്ണ സഹകരണം നൽകി പദ്ധതി സാക്ഷാത്ക്കരിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മറ്റ് 5 ദേശീയ പാതകളായ എൻ.എച്ച്.-49, എൻ.എച്ച്.-208, എൻ.എച്ച്.-212, എൻ.എച്ച്.-213, എൻ.എച്ച്.-220 എന്നിവ പേവ്ഡ് ഷോൾഡറോടുകൂടിയ 2 വരിപ്പാതയായി ഘട്ടംഘട്ടമായി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യപടിയായി പ്രസ്തുത പദ്ധതികൾക്കുള്ള എസ്റ്റിമേറ്റുകൾ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചുവരുന്നു.

(സി) കെ.എസ്.ടി.പി. 2011-12 വർഷം സംസ്ഥാന ഫണ്ട് ഉപയോഗിച്ച് വിവിധ ജില്ലകളിലെ തെരഞ്ഞെടുത്ത 13 റോഡുകൾ 5 വർഷത്തെ ദീർഘപരിപാലന വ്യവസ്ഥയോടെ B.C. overlay ചെയ്ത് പൂർത്തിയാക്കിയിട്ടുണ്ട്. കേരള റോഡ് ഫണ്ട് ബോർഡ് നടപ്പിലാക്കുന്ന തിരുവനന്തപുരം നഗര റോഡുവികസന പദ്ധതിയിൽ റോഡുകളുടെ 15 വർഷത്തെ പരിപാലനത്തിനായി കരാർ നിലവിലുണ്ട്. പൊതുമരാമത്ത് നിരത്ത് വിഭാഗത്തിൻ കീഴിൽ പ്രവൃത്തികൾ ചെയ്തു കഴിഞ്ഞാൽ defect liability period (ഗ്യാരണ്ടി കാലാവധി) നിലവിലുണ്ട്.

(ഡി) റോഡ് കുറ്റമറ്റ രീതിയിൽ സംരക്ഷിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നിലവിൽ ഉത്തരവാദിത്വമുണ്ട്. പക്ഷേ പ്രതികൂല കാലാവസ്ഥയും ഫണ്ടിന്റെ ലഭ്യതയും റോഡ് പരിപാലനത്തിനെ ബാധിക്കുന്നുണ്ട്.

പൊതുമരാമത്ത് വകുപ്പിൽ റോഡുകളുടെ മെയിന്റെനൻസ് നടത്തുന്നതിന് ചെലവഴിച്ച തുകയുടെ കണക്കുകൾ

320 (1377) ഡോ. ടി. എം. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ റോഡുകളുടെ മെയിന്റെനൻസ് നടത്തുന്നതിന് ഈ വർഷം എത്ര തുക ചെലവഴിക്കുകയുണ്ടായി; ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്താമോ;

(ബി) മെയിന്റെനൻസ് വർക്കുകൾക്ക് തുക ചെലവഴിക്കാൻ ഏതെല്ലാം തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടായിരുന്നു; അതുസംബന്ധമായ ഗവൺമെന്റ് ഉത്തരവുകളുടെ പകർപ്പുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(സി) അനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ വിശദമാക്കാമോ; തുക വിനിയോഗിച്ചിട്ടില്ലാത്തവർ ഏതെല്ലാം ഉദ്യോഗസ്ഥരാരാണ്?

LIBRARY ARCHIVES Kerala Legislative Assembly